# GOVERNMENT OF KERALA

## Abstract

Kerala State Textile Corporation Ltd- Import duty concession availed on the machinery imported under Export Promotion Capital Goods(EPCG) Scheme during the period 2008-2010 - Release of Rs.6.68 Crore for the settlement of customs duty -Sanction accorded -Orders issued.

## INDUSTRIES (C) DEPARTMENT

G.O.(Ms)No.24/2025/ID Dated,Thiruvananthapuram, 20-03-2025

Read : Letter No.KSTC/PROJ-EPCG/2024-'25/121 27.04.2024 from the Managing Director, Kerala State Textile Corporation Ltd.

## ORDER

The Managing Director, Kerala State Textile Corporation Ltd. (KSTC), as per the letter read above, has informed Govt. that the Kerala State Textile Corporation and various mills under it are facing severe financial crisis due to various problems in the field of Textiles. In connection with the modernization carried out in various mills and opening of three new mills under the control of the Kerala State Textile Corporation (KSTC) during the period 2008-2010, various machinery were imported by utilizing the benefits under the Export Promotion Capital Goods (EPCG) Scheme. As per the norms of the EPCG Scheme, products worth 8 times the amount of duty must have been exported within 8 years. Even though, by 2011, all the machines had been installed in the new units and put into operation, due to the Court cases related to recruitment of employees and labourers filed by the candidates, commercial production could not be carried out in the new units for about 6 years. Later the cases were disposed of as per the judgments dated 04/04/2017 and 02/06/2017 and the appointments were resumed as per the Govt Order issued in March,2018. Subsequently, Komalapuram, Uduma and Pinarayi Hi-Tech Mills started functioning. By that time, the export obligation period under the EPCG Scheme was over. Since the products could not be exported by the Corporation till 2018-19, the Corporation became liable to pay back the amount of customs duty along with interest.

2) An amount of Rs. 6.676 Crore was required to be as paid as customs duty on import of machinery under 14 licences during the period 2008-2010

. Since the amount was not paid on time, the Customs demanded to pay Rs 21.18 Crore, including interest and penal interest. Meanwhile, an Amnesty Scheme was declared by the Director General of Foreign Trade and the same could not availed for want of funds.The period of Amnesty Scheme expired on 31/03/2024.

3) In the subsequent hearing with the KSTC and Customs Department officials, it has been reported that KSTC has been instructed to pay Rs. 6.68 Crore as customs duty on the imported equipments immediately and to file an appeal regarding the amount due on interest and seek redress. Any further delay in payment of customs duty is likely to lead to freezing of KSTC's bank accounts and initiation of revenue recovery proceedings to recover the amount. The non payment of import duty to the Customs department would seriously affect the functioning of the KSTC and the Mills under it.

4) The MD, KSTC as per the letter read above has, therefore, requested for Govt. intervention to solve the crisis and to sanction Rs.6.68 Crore from the budget allocation to KSTC for the current financial year, so that on remittance of Rs. 6.68 Crore, they can file an appeal with respect to the payment of interest. Subsequently, Govt took up the matter with the Union Ministry of Commerce and Industry seeking exemption under the EPCG Scheme and the Union Ministry informed that there is no provision for exemption of customs duty under the current policy/rules.

5) An amount of Rs. 28.50 Crore is provided to KSTC as budget allocation under the Head of Account "6860-01-190 -95 (P) Loans to KSTC" during the current financial year. Of this, Rs.14.80 Crore has been released so far.

6) Government have examined the whole issue in detail. The non payment of import duty to the Customs department would seriously affect the functioning of the KSTC and the Mills under it. Further delay in payment of customs duty will lead to freezing of bank accounts of KSTC and facing of subsequent revenue recovery proceedings.

7) In the circumstances, Government are pleased to accord sanction for the release of an amount of **Rs.6.68 Crore (Six Crore and Sixty Eight Lakhs only)** to Kerala State Textile Corporation Limited (KSTC) from the balance amount of Rs. 13. 70 Crore available under the current financial year budget provision of Rs. 28.50 Crore under the Head of Account **"6860-**

**01-190-95 Loans to KSTC(P)"** to settle the dues towards the concession availed on import duty worth Rs.6.68 Crore in connection with the import of machinery under EPCG Scheme during the period 2008-2010 for the renovation of various mills and opening of new mills under Kerala State Textile Corporation.

8)The release of fund shall be in accordance with the usual terms and conditions of fund release.

9) The Director /Additional Director of Industries and Commerce will draw and disburse the amount to the Managing Director, Kerala State Textile Corporation Ltd.

(By order of the Governor)
A P M MOHAMMED HANISH
PRINCIPAL SECRETARY

The Director of Industries and Commerce, Thiruvanathapuram

The Director of Handloom and Textiles, Thiruvananthapuram

The Managing Director, Kerala state Textile Corporation Ltd, Thiruvannathapuram

The Principal Accountant General(G&SSA), Kerala,Thiruvananthapuram

The Accountant General (A&E), Kerala,Thiruvananthapuram

The General Administration (SC) Department (Vide Item No.2801 dated 18.03.2025)

The Director of Treasuries ,Thiruvananthapuram

The Member Secretary, BPT, Thiruvananthapuram

The Finance (PUD/GIMC/BW) Department(Vide UO No.2473889/PU-D1/71/2023-FIN Dated 04/03/2025)

The Planning and Economic Affairs(CPMU) Department

CEO, K-bip, Thiruvananthapuram

I&PRD

SF/OC

Forwarded /By order
Signed by
Sreekumar R
Date: 20-03-2025 14:31:06
Section Officer

Copy : PS to the Hon'ble Minister Industries
CA to Principal Secretary, Industries Department
CA to Joint Secretary, Industries Department

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-03-2025

ഫയൽ നം. വ്യവ-സി3/181/2023/വ്യവ.

ഇനം നം: 2801

വിഷയം : വ്യവസായ വകുപ്പ് - കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് EPCG സ്കീമിൽ വീഴ്ച വരുത്തിയതു മൂലം അടയ്ക്കേണ്ടി വരുന്ന കസ്റ്റംസ് ഡ്യൂട്ടി ഇനത്തിലുള്ള 6.68 കോടി രൂപ, ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്നു കൊണ്ട് നടപ്പു വർഷം കോർപ്പറേഷന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saradal

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

11
19.3.25
JS.

# കേരള സർക്കാർ
## ശ്രീ.പിണറായി വിജയൻ മന്ത്രിസഭ
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

2801

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : വ്യവ-സി3/181/2023-വ്യവ |
| 2. | വകുപ്പ് | : വ്യവസായ (സി)വകുപ്പ് |
| 3. | വിഷയം | : കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് EPCG സ്കീമിൽ വീഴ്ച വരുത്തിയതു മൂലം അടയ്ക്കേണ്ടി വരുന്ന കസ്റ്റംസ് ഡ്യൂട്ടി ഇനത്തിലുള്ള **6.68** കോടി രൂപ, ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്നു കൊണ്ട് നടപ്പു വർഷം കോർപ്പറേഷന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് അനുവദിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : **13.01.2025** |
| 5. | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : അതെ |
| | (ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 7. | കരട് കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : **ശ്രീ. സിജു ജേക്കബ്** |
| 8. | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : **ശ്രീ. എ പി എം മുഹമ്മദ് ഹനീഷ്** |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : **07.03.2025** |
| 10. | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : **ഡോ.ശാരദ മുരളീധരൻ** |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : **15.03.2025** |
| 12. | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : **ശ്രീ.പി.രാജീവ്** |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : **17.03.2025** |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : **18.03.2025** |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് (കെ.എസ്.ടി.സി), EPCG സ്കീമിൽ വീഴ്ച വരുത്തിയതു മൂലം അടയ്ക്കേണ്ടി വരുന്ന കസ്റ്റംസ് ഡ്യൂട്ടി ഇനത്തിലുള്ള 6.68 കോടി രൂപ, ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്നുകൊണ്ട് നടപ്പ് വർഷം കോർപ്പറേഷന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിലെ വിഷയം.

2) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ (KSTC) നിയന്ത്രണത്തിലുള്ള വിവിധ മില്ലുകളിൽ 2008-2010 കാലയളവിൽ നടത്തിയ നവീകരണവുമായും, പുതിയ 3 മില്ലുകൾ തുടങ്ങുന്നതുമായും ബന്ധപ്പെട്ട് വിദേശത്തു നിന്നും വിവിധ ഉപകരണങ്ങൾ EPCG (Export Promotion Capital Goods) പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തി ഇറക്കുമതി ചെയ്തിരുന്നു. എന്നാൽ EPCG സ്കീം വ്യവസ്ഥ പ്രകാരം, 8 വർഷത്തിനുള്ളിൽ തീരുവയുടെ 8 മടങ്ങ് തുകയ്ക്കുള്ള ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തിരിക്കണം. 2011 ഓടുകൂടി പുതിയ യൂണിറ്റുകളിലെ മെഷീനുകളെല്ലാം തന്നെ ഇൻസ്റ്റലേഷൻ പൂർത്തിയാക്കി പ്രവർത്തന സജ്ജമായെങ്കിലും, ജീവനക്കാരുടെയും തൊഴിലാളികളുടെയും നിയമനവുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾ ഫയൽ ചെയ്ത കേസുകൾ കാരണം ഏകദേശം 6 വർഷത്തോളം യൂണിറ്റുകളിൽ ഉല്പാദനം ആരംഭിക്കാൻ കഴിഞ്ഞില്ല. പിന്നീട് 04.04.2017, 02.06.2017 തീയതികളിലെ കോടതി ഉത്തരവുകൾ പ്രകാരം കേസുകൾ തീർപ്പാക്കപ്പെടുകയും 2018 മാർച്ച് മാസത്തെ സർക്കാർ ഉത്തരവ്

പ്രകാരം നിയമനങ്ങൾ പുനരാരംഭിക്കുകയും ചെയ്തു. ഇപ്രകാരം കോമളപുരം, ഉദുമ, പിണറായി ഹൈടെക് മില്ലുകൾ പ്രവർത്തനമാരംഭിച്ചു. അപ്പോഴേക്കും EPCG പദ്ധതി പ്രകാരമുള്ള കയറ്റുമതി കാലാവധി അവസാനിക്കുകയും ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുവാൻ 2018-19 വരെ കഴിയാത്ത സാഹചര്യത്തിൽ കസ്റ്റംസ് ഡ്യൂട്ടി തുക പലിശ സഹിതം തിരികെ അടയ്ക്കേണ്ട ബാദ്ധ്യത കോർപ്പറേഷന് വന്നിട്ടുണ്ട്.

3) 14 ലൈസൻസുകളിലായി 2008-2010 കാലയളവിൽ ഉപകരണങ്ങൾ ഇറക്കുമതി ചെയ്ത വകയിൽ കസ്റ്റംസ് ഡ്യൂട്ടിയായി 6.676 കോടി രൂപയാണ് ഒടുക്കേണ്ടിയിരുന്നത്. തുക യഥാസമയം അടയ്ക്കാത്തതിനാൽ പലിശയും പിഴപലിശയും ഉൾപ്പെടെ 21.18 കോടി രൂപ അടയ്ക്കുന്നതിനാണ് കസ്റ്റംസ് ആവശ്യപ്പെട്ടിരുന്നത്. ഇതിനിടെ ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രയിഡ് പ്രഖ്യാപിച്ച ആംനസ്റ്റി സ്കീമിൽ ഉൾപ്പെടുത്തി മുഖ്യപങ്ക് പലിശയും പെനാൽറ്റിയും ഒഴിവാക്കികൊണ്ട് 7.95 കോടി രൂപ കസ്റ്റംസ് ഡ്യൂട്ടി അടച്ച് ബാധ്യത ഒഴിവാക്കാനുള്ള നിർദ്ദേശമനുസരിച്ച് കെ.എസ്.ടി.സി സമർപ്പിച്ച അഭ്യർത്ഥന സർക്കാർ നിരാകരിക്കുകയും ആംനസ്റ്റി സ്കീമിന്റെ കാലാവധി 31.03.2024-ൽ അവസാനിക്കുകയും ചെയ്തു.

4) തുടർന്ന് കെ.എസ്.ടി.സി യും, കസ്റ്റംസ് വകുപ്പ് അധികൃതരുമായും നടത്തിയ ഹിയറിംഗിൽ ഉപകരണങ്ങൾ ഇറക്കുമതി ചെയ്ത വകയിൽ കസ്റ്റംസ് ഡ്യൂട്ടിയായി കണക്കാക്കിയിട്ടുള്ള 6.68 കോടി രൂപ അടിയന്തരമായി അടയ്ക്കുന്നതിനും പലിശയിനത്തിൽ ആയിട്ടുള്ള തുക

സംബന്ധിച്ച് അപ്പീൽ സമർപ്പിച്ച് പരിഹാരം തേടുവാനും നിർദ്ദേശിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കസ്റ്റംസ് ഡ്യൂട്ടി അടയ്ക്കുന്നതിന് ഇനിയും കാലതാമസം വരുത്തിയാൽ കെ.എസ്.ടി.സി യുടെ ബാങ്ക് അക്കൗണ്ട് മരവിപ്പിക്കുന്നതിനും തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുന്നതിനും സാധ്യതയുള്ളതാണ്.

5) ഇറക്കുമതി ചുങ്കം ഇനത്തിൽ കസ്റ്റംസ് വകുപ്പിൽ ഒടുക്കേണ്ട തുക അനുവദിക്കുന്നതിന് കെ.എസ്.ടി.സി സമർപ്പിച്ച അപേക്ഷകൾ ധനകാര്യവകുപ്പ് പലതവണ നിരസിച്ചിട്ടുള്ളതാണ്.

6) കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷനും അതിനോടനുബന്ധിച്ചുള്ള വിവിധ മില്ലുകളും ടെക്സ്റ്റയിൽ രംഗത്തുള്ള വിവിധ പ്രശ്നങ്ങളെ തുടർന്ന് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. കസ്റ്റംസ് വകുപ്പിന് ഇറക്കുമതി ചുങ്കം ഇനത്തിലുള്ള തുക അടയ്ക്കാതിരുന്നാൽ കെ.എസ്.ടി.സി യുടെയും അതിനു കീഴിലുള്ള മില്ലുകളുടെയും പ്രവർത്തന ങ്ങളെ സാരമായി ബാധിക്കുന്നതിന് ഇടയുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ “6860-01-190-95(P) Loans to KSTC” എന്ന ശീർഷകത്തിൽ 28.50 കോടി രൂപയാണ് കെ.എസ്.ടി.സി യ്ക്ക് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുകയിൽ നിന്നും കസ്റ്റംസ് ഡ്യൂട്ടി ഇനത്തിൽ നൽകേണ്ടതായുള്ള 6.68 കോടി രൂപ അനുവദിക്കുന്നതിന് ഫയൽ അയച്ചപ്പോൾ ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അറിയിച്ചു:-

" വിഷയത്തിൽ ധനവകുപ്പിന്റെ മുൻ നിലപാടിൽ ഉറച്ചുനില്ക്കുന്നതായും, EPCG സ്കീമിന്റെ ഡ്യൂട്ടി ഇളവ് നൽകിയപ്പോൾ ഉണ്ടായിരുന്ന നിബന്ധന പാലിക്കാത്തതിനുള്ള യഥാർത്ഥ കാരണങ്ങൾ കൃത്യമായും വ്യക്തമായും ഉൾപ്പെടുത്തി EPCG കമ്മറ്റിയിൽ നിന്നും ഇളവു വാങ്ങുന്നതിന് ഒരിക്കൽ കൂടെ ശ്രമിക്കേണ്ടതാണെന്നും അറിയിക്കുന്നു. അതോടൊപ്പം EPCG സ്കീമിന്റെ അടിസ്ഥാനത്തിൽ ഡ്യൂട്ടി ഇളവ് ലഭിച്ചപ്പോൾ ഉണ്ടായിരുന്ന നിബന്ധന പാലിക്കുവാൻ കഴിയാതിരുന്നത് കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ച മൂലമാണോയെന്ന് പരിശോധിക്കുന്നതിനും ആണെങ്കിൽ അതിന്മേലുള്ള ഉത്തരവാദിത്തം നിശ്ചയിക്കുന്നതിനായി ഉചിതമായതലത്തിൽ വിശദമായ ഒരു അന്വേഷണം നടത്തണമെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു. ധനമന്ത്രിയുടെ അംഗീകാരമുണ്ട്. "

7) തുടർന്ന് EPCG വകയിൽ ഇളവ് തേടിക്കൊണ്ട് ബഹു. മുഖ്യമന്ത്രി കേന്ദ്ര വ്യവസായ വാണിജ്യ വകുപ്പ് മന്ത്രിയ്ക്ക് കത്ത് നൽകുകയും ഇതിനു മറുപടിയായി നിലവിലെ പോളിസി/ചട്ടപ്രകാരം കസ്റ്റംസ് ഡ്യൂട്ടിയിൽ ഇളവ് നൽകാൻ വ്യവസ്ഥയില്ലെന്ന് ബഹു.കേന്ദ്രമന്ത്രി അറിയിക്കുകയും ചെയ്തു.

8) കസ്റ്റംസ് ഡ്യൂട്ടി ഒടുക്കുന്നതിന് കാലതാമസം വരുത്തിയാൽ കെ.എസ്.ടി.സി യുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിനും തുടർന്ന് റവന്യൂ റിക്കവറി നടപടികൾ സ്ഥാപനം നേരിടുന്നതിനും സാദ്ധ്യതയുണ്ട്. തുടർന്ന്, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ഉപകരണങ്ങൾ ഇറക്കുമതി ചെയ്ത വകയിൽ കസ്റ്റംസ് ഡ്യൂട്ടിയായി കണക്കാക്കിയിട്ടുള്ള 6.68

കോടി രൂപ അടയ്ക്കേണ്ടതിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ കെ.എസ്.ടി.സി ക്ക് വകയിരുത്തിയിട്ടുള്ള 28.50 കോടി രൂപയിൽ നിന്നും കസ്റ്റംസ് ഡ്യൂട്ടി ഇനത്തിൽ നൽകേണ്ട 6.68 കോടി രൂപ മന്ത്രിസഭാ തീരുമാനത്തിന് വിധേയമായി അനുവദിച്ച് നൽകുന്നത് അനുഭാവപൂർവ്വം പരിഗണിക്കുന്ന കാര്യത്തിൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ, ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

9) തുടർന്ന് ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി:-

" EPCG കമ്മിറ്റിയിൽ നിന്നും ഇളവ് നല്കാൻ കഴിയില്ലെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം അറിയിച്ച സാഹചര്യത്തിലും EPCG സ്കീമിന്റെ ഡ്യൂട്ടി ഇളവ് നൽകിയപ്പോൾ ഉണ്ടായിരുന്ന നിബന്ധന പാലിക്കുന്നതിൽ കോർപ്പറേഷന്റെ ഭാഗത്തു നിന്നുള്ള വീഴ്ച പരിശോധിക്കുന്നതിന്, മുൻപ് ധനവകുപ്പ് നല്കിയ നിർദ്ദേശം (ബഹു. മുഖ്യമന്ത്രി നോട്ട് #90 ൽ ഉത്തരവ് നല്കിയിട്ടും) ഭരണ വകുപ്പ് കണക്കിലെടുക്കാത്ത സാഹചര്യത്തിലും 2024-25 ലെ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ശിപാർശയാണെന്നതിനാലും, കസ്റ്റംസ് ഡ്യൂട്ടി ഇനത്തിൽ കോർപ്പറേഷൻ നൽകേണ്ടതായുള്ള 6.68 കോടി രൂപ കെ.എസ്.ടി.സി യുടെ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കണമെന്ന പ്രൊപ്പോസൽ അംഗീകരിക്കുവാൻ നിർവ്വാഹമില്ല എന്ന വിവരം ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്."

10) കെ.എസ്.ടി.സി യ്ക്ക് നടപ്പുവർഷം "6860-01-190-95(P) Loans to KSTC" ശീർഷകത്തിൽ 28.50 കോടി രൂപ വകയിരുത്തിട്ടുണ്ട്. ഇതിൽ 14.80 കോടി രൂപ നടപ്പു വർഷം റിലീസ് ചെയ്തിട്ടുണ്ട്.

**തീരുമാനിക്കേണ്ട സംഗതി**

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ (കെ.എസ്.ടി.സി) നിയന്ത്രണത്തിലുള്ള വിവിധ മില്ലുകളിൽ 2008-2010 കാലയളവിൽ നടത്തിയ നവീകരണവുമായും പുതിയ മില്ലുകൾ തുടങ്ങുന്നതുമായും ബന്ധപ്പെട്ട് വിവിധ ഉപകരണങ്ങൾ EPCG (Export Promotion Capital Goods) സ്കീമിൽ ഉൾപ്പെടുത്തി ഇറക്കുമതി ചെയ്തപ്പോൾ ഒഴിവാക്കി കിട്ടിയ കസ്റ്റംസ് ഡ്യൂട്ടി തുകയായ 6.68 കോടി രൂപ ഒടുക്കുന്നതിനായി, ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്നുകൊണ്ട്, നടപ്പു വർഷം കോർപ്പറേഷന് "6860-01-190-95 Loans to KSTC(P)" ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 28.50 കോടി രൂപയിൽ, ബാക്കി നിൽക്കുന്ന 13.70 കോടി രൂപയിൽ നിന്ന് 6.68 കോടി രൂപ കെ.എസ്.ടി.സി യ്ക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നൽകാവുന്നതാണോ?